# ആമുഖം

മലയാളിയുടെ സ്വത്വരൂപീകരണത്തിൽ കാവുകൾക്കും അമ്മദൈവങ്ങൾക്കും വലിയ സ്ഥാനമുണ്ട്. ഗ്രാമത്തിന്റെ അമ്മയാണ് കാവിലമ്മ. അമ്മയ്ക്കു മുൻപിൽ അനുഷ്ഠിക്കുന്ന ചടങ്ങാണ് മുടിയേറ്റ്. മലയാളിയുടെ പ്രാക്തനസംസ്കൃതികൾ ഉറങ്ങുന്നത് ഈ രൂപങ്ങളിലാണ്. മുടിയേറ്റിന്റെ ചരിത്രപരവും സാംസ്കാരികവും നരവംശശാസ്ത്രപരവുമായ മേഖലകൾ വേണ്ടത്ര വിശകലനം ചെയ്യപ്പെട്ടിട്ടില്ല. യുനെസ്കോ മാനവപൈതൃക സ്മാരകമായി 2010-ൽ മുടിയേറ്റിനെ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ മുടിയേറ്റിനെക്കുറിച്ച് സാമാന്യമായും ചന്ദനശ്ശേരിക്കാവിലെ അവതരണത്തെക്കുറിച്ച് സവിശേഷമായും പ്രതിപാദിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

പരമ്പരാഗതരീതിയിൽ അനുഷ്ഠാനമായി മുടിയേറ്റ് അവതരിപ്പിക്കുന്ന നാല് മൂലകുടുംബങ്ങളിൽ ഉൾപ്പെട്ട ഒമ്പതുസംഘങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഇവ ഓരോന്നും പ്രഗത്ഭരായ ആശാന്മാരുടെ കീഴിൽ ഗുരുകുലക്രമത്തിൽ അഭ്യസിച്ച് വ്രതശുദ്ധിയോടെ മുടിയേറ്റ് അവതരിപ്പിക്കുന്ന കലാകാരന്മാരുടേതാണ്. ഈ കലാകാരന്മാരുമായി തുടർച്ചയായി നടത്തിയ സംവാദങ്ങളും അവരുടെ അവതരണങ്ങൾ നിരന്തരം കണ്ടറിഞ്ഞുണ്ടായ സംസ്കാരവുമാണ് ഈ പഠനത്തിന്റെ ഉപാദാനങ്ങൾ. ഈ രംഗത്ത്

പ്രശസ്തരായ കലാപണ്ഡിതന്മാരുടെയും സുശിക്ഷിതരായ പ്രേക്ഷകരുടെയും ഉപദേശനിർദേശങ്ങൾ ഈ പഠനത്തെ സമ്പുഷ്ടമാക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്.

ഓരോ മുടിയേറ്റുസംഘത്തിന്റെയും അവതരണത്തിൽ നേരിയ വ്യത്യാസങ്ങൾ കാണാം. അഭ്യസനത്തിന്റെ പ്രത്യേകതയും അതതു ക്ഷേത്രങ്ങളുടെ പാരമ്പര്യവുമാണ് ഇത്തരം വ്യത്യാസങ്ങൾക്കുകാരണം. ഇവയിൽ ചന്ദനശ്ശേരിക്കാവിലെ അവതരണത്തിന് സവിശേഷമായ പ്രാധാന്യം ഉണ്ട്.

കൂത്താട്ടുകുളത്തുനിന്നും പാലാ-രാമപുരം റൂട്ടിൽ പൂവക്കുളം എന്ന ഗ്രാമത്തിലാണ് ചന്ദനശ്ശേരിക്കാവ് സ്ഥിതിചെയ്യുന്നത്. പ്രാചീനമുദ്രകൾ പേറുന്ന ഈ ക്ഷേത്രത്തിന് അഞ്ഞൂറ് വർഷത്തിലേറെ പഴക്കമുണ്ട്. ഭദ്രകാളിയാണ് മുഖ്യപ്രതിഷ്ഠ. മീനത്തിലെ അശ്വതിമുതൽ മൂന്നുദിവസമാണ് ഇവിടെ മുടിയേറ്റുത്സവം. മുടിയേറ്റിനൊപ്പം അനുപൂരകങ്ങളായി ഐവർകളി, മുടിയാട്ടം, പൊങ്കാല, ഗുരുതി, തുടങ്ങിയ പതിനൊന്ന് അനുബന്ധ കലകൾകൂടി ഉത്സവത്തിലരങ്ങേറുന്നു. കലകളുടെ ഈ സമഗ്രതനൽകുന്ന സർവാംഗീണമായ സൗന്ദര്യവും ശാലീനമായ വിശുദ്ധിയുമാണ് ഇവിടുത്തെ മുടിയേറ്റിനെ ഇതരക്ഷേത്രങ്ങളിലെ അവതരണങ്ങളിൽനിന്നും വിഭിന്നമാക്കുന്നത്. അതുകൊണ്ടുതന്നെയാണ് സവിശേഷപഠനത്തിന് ഈ അവതരണത്തെത്തന്നെ തെരെഞ്ഞെടുത്തത്.

ഈ പഠനത്തെ അഞ്ച് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. 'നാടോടിസംസ്കാരവും അവതരണകലകളും' എന്ന ഒന്നാം അധ്യായത്തിൽ നാടോടിസംസ്കാരം അതിന്റെ പ്രധാനനിർവചനങ്ങൾ, നാടൻകലകൾ അതിന്റെ വിഭജനം എന്നിവയെക്കുറിച്ച് വിശദമാക്കുന്നു. കൂടാതെ

അനുഷ്ഠാനനൃത്തങ്ങൾ, അനുഷ്ഠാനേതരനൃത്തങ്ങൾ, നാടോടിനാടകങ്ങൾ, അനുഷ്ഠാനനാടകങ്ങൾ എന്നിവയെക്കുറിച്ച് വിശദമാക്കുകയും, അനുഷ്ഠാന നൃത്തത്തിൽനിന്നും തെയ്യവും, അനുഷ്ഠാനനാടകങ്ങളിൽനിന്ന് പൊറാട്ട്, കാക്കാരിശ്ശിനാടകങ്ങളും പ്രത്യേകപഠനത്തിന് വിധേയമാക്കുകയും ചെയ്യുന്നു.

'കേരളത്തിന്റെ അനുഷ്ഠാനാവതരണപാരമ്പര്യ'ത്തെ രണ്ടാമത്തെ അധ്യായത്തിൽ വിശകലനം ചെയ്യുന്നു. ഒപ്പം കാളി-ദാരികപുരാവൃത്തം, ഇതിന്റെ വ്യത്യസ്തപാഠഭേദങ്ങൾ, കേരളപരിസരത്ത് ഇത് രൂഢമൂല മാകുവാനുള്ള കാരണം എന്നിവയെക്കുറിച്ച് അന്വേഷിക്കുകയും കാളി-ദാരിക പുരാവൃത്തം സ്വീകരിച്ചുകൊണ്ട് അവതരിപ്പിച്ചുവരുന്ന നിണബലി, പടയണി തുടങ്ങിയ അനുഷ്ഠാനകലകളെയും അതിന്റെ അനുഷ്ഠാനക്രമത്തെയും വ്യക്തമാക്കുന്നു.

'കാളി-ദാരികപുരാവൃത്തത്തിന്റെ വ്യത്യസ്ത അവതരണരൂപ ങ്ങൾ' മൂന്നാമത്തെ അധ്യായത്തിൽ ചർച്ചചെയ്യുന്നു. കാളി-ദാരികൻ, മുടിയെടുപ്പ്, മുടിയേറ്റ്, ദാരികവധം, ഉതിരക്കോലം, കോലംകളി, കാളികെട്ട്, കാളിയൂട്ട്, പറണേറ്, മുടിയേറ്റ് തുടങ്ങിയവയെക്കുറിച്ചുള്ള വിശകലനമാണിത്. മുടിയേറ്റുപോലെയല്ലെങ്കിലും കാളി-ദാരികപുരാവൃത്തത്തിന് പ്രാധാന്യം നൽകി അവതരിപ്പിച്ചുവരുന്ന ഈ രംഗകലകൾ വ്യത്യസ്ത കൂട്ടായ്മകളിലും പരിസരത്തും എങ്ങനെ നിലനിൽക്കുന്നു എന്ന അന്വേഷണവും ഈ അധ്യായത്തിൽ നിർവഹിച്ചിരിക്കുന്നു.

നാലാം അധ്യായത്തിൽ 'ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റി'നെ ക്കുറിച്ചുള്ള വിശദപഠനമാണ്. ചന്ദനശ്ശേരിക്കാവിന്റെ സാംസ്കാരിക ക്കൂട്ടായ്മയിലെ പ്രധാനകണ്ണിയായ മുടിയേറ്റിന് കളമെഴുത്തുംപാട്ടും,

മുടിയാട്ടം, ഗരുഡൻപറവ എന്നീ അനുബന്ധകലകളുടെയും, ഇളംപാന, ചുറ്റുവിളക്ക്, താലപ്പൊലി, കലംകരി, പൊങ്കാല, ഭരണിയൂട്ട്, ഗുരുതി, തുടങ്ങിയ അനുഷ്ഠാനങ്ങളുടെയും വിശ്വാസാധിഷ്ഠിതമായ ഒരു പശ്ചാത്തലമുണ്ട്. ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ് ഈ പശ്ചാത്തലത്തിനുള്ളിൽനിന്നുകൊണ്ട് എപ്രകാരം നിർവഹിക്കപ്പെടുന്നു എന്ന അന്വേഷണമാണിവിടെ.

പഠനത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളും കണ്ടെത്തലുകളുമാണ് അഞ്ചാം അധ്യായമായ 'ഉപസംഹാര'ത്തിൽ. അനുബന്ധമായി അഭിമുഖത്തിൽ പങ്കെടുത്ത മുടിയേറ്റ് കലാകാരന്മാരുടെ വിവരങ്ങൾ, കലാകാരന്മാരും കലാപണ്ഡിതന്മാരുമായുള്ള അഭിമുഖം, ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന്റെ ഗ്രന്ഥപാഠം, കളമെഴുത്തുപാട്ടുകൾ, ഐവർകളിപ്പാട്ടുകൾ, മുടിയേറ്റിന് പ്രചാരമുള്ള സ്ഥലങ്ങളുടെ ചിത്രസൂചി എന്നിവ ചേർത്തിരിക്കുന്നു. .

ഈ പഠനകാലഘട്ടത്തിലാണ് മുടിയേറ്റിന് അനശ്വരപൈതൃക പദവി നൽകി യുനെസ്കോ അംഗീകരിച്ചത്. അതും ഈ പഠനത്തിന്റെ പ്രാധാന്യം എടുത്തറിയിക്കുന്നു. ആഗോള സാംസ്കാരികരാഷ്ട്രീയത്തിൽ മുടിയേറ്റ് സംസ്കരിക്കപ്പെട്ട ഒറ്റരൂപമായിട്ടാണ് കാണുന്നത്. എന്നാൽ മുടിയേറ്റ് കഥകളിപോലെ സ്വതന്ത്രമായി നിലനിൽക്കുന്ന ഒരു അവതരണരൂപമല്ല. ഒരു രൂപകമായോ കഥാഖ്യാനമായോ അഭിനയമാതൃകയായോ മുടിയേറ്റിനെ കണക്കാക്കാനാവില്ല. എന്നാൽ ഇവയുടെ അംശങ്ങൾ ഇല്ല എന്നു പറയാനുമാവില്ല. കൂട്ടായ്മയുടെ ചൂടുംചൂരുമായ ഈ അനുഷ്ഠാനകല അതിന്റെ തനതായ സാഹചര്യത്തിൽ വൈവിധ്യത്തോടെ വിവിധങ്ങളായ അനുഷ്ഠാനാചരണങ്ങളോട് ആശ്രിതത്വത്തോടുകൂടിയാണ് അവതരണപൂർണമാകുന്നത്. സാമൂഹികപശ്ചാത്തലത്തിൽ കൂട്ടായ്മയുടെ ഒരു

അനുഷ്ഠാനകല എങ്ങനെ സവിശേഷശ്രദ്ധയാകർഷിക്കുന്നു എന്ന ഈ പഠനം വരുംതലമുറയ്ക്ക് പ്രചോദനമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

കഴിഞ്ഞ അഞ്ചുവർഷമായി ഈ പ്രബന്ധരചനയ്ക്കാവശ്യമായ എല്ലാ സാഹചര്യങ്ങളോടും പൂർണമായി സഹകരിച്ച ' കുന്നയ്ക്കാൽ ശ്രീദുർഗ്ഗ കലാലയം ' മുടിയേറ്റുസംഘത്തിലെ ഓരോ അംഗത്തോടുമുള്ള നന്ദി രേഖപ്പെടുത്തട്ടെ. ചന്ദനശ്ശേരിക്കാവുമായി ബന്ധപ്പെട്ട വിവരങ്ങൾ ദത്തവിശകലനത്തിലൂടെയും അഭിമുഖത്തിലൂടെയും മുടിയേറ്റിന്റെ അവതരണവേളകളിലെ സൂക്ഷ്മവിശകലനത്തിലൂടെയും ആണ് ശേഖരിച്ചിട്ടുള്ളത്. ഇതിനുസഹായിച്ച ചന്ദനശ്ശേരിക്കാവ്, കുഞ്ചരക്കാട്ടില്ലത്തെ കുട്ടൻ നമ്പൂതിരി, മറ്റംഗങ്ങൾ, പരിസരവാസികൾ, ഐവർകളി ആശാൻ പുള്ളോലിക്കൽ ശ്രീധരൻ തുടങ്ങിയവരെ സ്മരിക്കുന്നു. കൂടാതെ കാട്ടകാമ്പാൽ, അന്തിമഹാകാളൻ, വെള്ളായണി, ശാർക്കര തുടങ്ങിയ ക്ഷേത്രങ്ങളിൽ അനുഷ്ഠാനകലകൾ അവതരിപ്പിച്ചവരും പരിസരവാസികളും ഈ പ്രബന്ധരചനയ്ക്ക് ഏറെ സഹായിച്ചിട്ടുണ്ട്.

അഭിമുഖങ്ങളും നിർദേശങ്ങളും നൽകി സഹായിച്ച ഡോ. കെ.ജി. പൗലോസ്, ഡോ. സി. ആർ. രാജഗോപാൽ, ഡോ. വേണു ജി, ഡോ. സി.കെ. തോമസ്, ഡോ.എച്ച്. സദാശിവൻപിള്ള, ഡോ. രാഘവൻ പയ്യനാട്, ഡോ.പൂജപ്പുര കൃഷ്ണൻനായർ, ഡോ. എൻ. അജിത്കുമാർ, പ്രൊഫ. പി.ഡി. ശശിധരൻ, ഡി.ബി.കോളേജ് മുൻപ്രിൻസിപ്പൽ ഡോ. എസ്.ദേവകി അന്തർജനം തുടങ്ങിയവരോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തട്ടെ.

കോഴിക്കോട്സർവകലാശാല, കണ്ണൂർസർവകലാശാല, ഫോക്‌ലോർഅക്കാദമി, എം.ജി.യൂണിവേഴ്സിറ്റി, കാലടിസർവകലാശാല, സ്കൂൾ ഓഫ് ഡ്രാമ, കേരളസർവകലാശാല, ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷൻ,

തിരുവന്തപുരം പബ്ലിക് ലൈബ്രറി, തലയോലപ്പറമ്പ് ഡി.ബി.കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദുകോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലെ ഗ്രന്ഥശാലകൾ പഠനത്തിന് വളരെയേറെ സഹായിച്ചിട്ടുണ്ട്. ഇതിനുവേണ്ട സാഹചര്യങ്ങൾ ഒരുക്കിത്തന്ന ഈ സ്ഥാപനങ്ങളിലെ എല്ലാ വർക്കും പ്രത്യേകം നന്ദി.

ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദുകോളേജിലെ പ്രിൻസിപ്പൽ, മൂവാറ്റുപുഴ നിർമല കോളേജിലെ പ്രിൻസിപ്പൽ, ലൈബ്രേറിയൻ നമ്പൂതിരിസാർ മറ്റുള്ള ജീവനക്കാർ എന്നിവരോടുള്ള നന്ദി അറിയിക്കട്ടെ. തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജ് പ്രിൻസിപ്പൽ, മലയാള വിഭാഗത്തിലെ അധ്യാപകർ, മറ്റ് അധ്യാപക-അനധ്യാപകർ, വിദ്യാർഥികൾ എന്നിവരോടുള്ള നന്ദി കുറിക്കുന്നു.

ഇത്തരം ഒരു സംരംഭത്തിന് പ്രചോദനം നൽകിയ എന്റെ ഗുരുജനങ്ങളെയും വിശിഷ്യ ഡോ. കെ.എം. പ്രഭാകരവാര്യർ, ഡോ. എൻ.ആർ. ഗോപിനാഥപിള്ള എന്നിവരെയും ആദരപൂർവം സ്മരിക്കുന്നു. ആദ്യന്തം എല്ലാ പ്രോത്സാഹനങ്ങളും നൽകിയ എന്റെ മാതാപിതാക്കളോടും ഭർത്താവിനോടും മക്കളോടും, സഹോദരങ്ങളോടും, സുമനസ്സുകളായ സുഹൃത്തുക്കളോടും നന്ദി പറയുന്നു.

യു.ജി.സി.യുടെ പ്രത്യേകപദ്ധതിയായ FIPയിലൂടെ ഈ പ്രബന്ധം പൂർത്തിയാക്കുന്നതിന് സഹായിച്ച ഇതിന്റെ അധികാരികൾ, എം.ജി. സർവകലാശാല അധികാരികൾ, ദേവസ്വം ബോർഡ് അധികാരികൾ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

കൃത്യതയോടെ പ്രബന്ധം അച്ചടിച്ചുതന്ന കളമശ്ശേരി ഇന്ദുഫോട്ടോസിലെ സുദർശനനോടും സീനയോടും റാണിയോടും കൃതജ്ഞതയുണ്ട്.

പ്രബന്ധരചനയുടെ പ്രാരംഭഘട്ടത്തിൽ വേണ്ട നിർദേശങ്ങളും ഉപദേശങ്ങളും നൽകിയ മൂവാറ്റുപുഴ നിർമലകോളേജിലെ ഡോ. ബീനാമ്മ മാത്യുവിനോടും പഠനം പൂർത്തീകരണത്തിന് മാർഗനിർദേശം നൽകിയ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദുകോളേജ് മലയാളഗവേഷണ വിഭാഗത്തിലെ ഡോ. ബി. രവികുമാറിനോടുമുള്ള നന്ദി വാക്കുകളിൽ തീരുന്നതല്ല.

മലയാളവിഭാഗം, **ലാലിമോൾ എസ്.**

ദേവസ്വം ബോർഡ് കോളേജ്,

തലയോലപ്പറമ്പ്.